# US PROFILES



## പി.റ്റി.തോമസ്



# ‘പി.റ്റി.’ എന്ന രണ്ടക്ഷരം

**◉ മീട്ടു റഹ്മത്ത് കലാം**

അമേരിക്കൻ മലയാളികൾക്ക് പി.റ്റി.തോമസ് ‘പി.റ്റി’ച്ചായനാണ്. ഏത് വിഷമത്തിലും അദ്ദേഹത്തെവിളിച്ചാൽ ആശ്വാസം ലഭിക്കുമെന്ന ഉറപ്പ് പലർക്കുണ്ട്. നിഷ്പക്ഷ നിലപാടുകളുടെ പേരിൽ കേരളക്കര എന്നെന്നും ഓർക്കുന്ന പി.റ്റി.തോമസ് എന്ന സമുന്നതനായ നേതാവുമായി പേരിൽ മാത്രമല്ല ഈ അമേരിക്കൻ മലയാളിക്ക് സാദൃശ്യം. ന്യൂയോർക്കിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് വേണ്ടി തീപ്പൊരി പ്രസംഗം നടത്തിയും റാലി സംഘടിപ്പിച്ചും അവകാശങ്ങൾ നേടിയെടുക്കാൻ മുന്നിൽ നിന്നുകൊണ്ട് തന്റെ നേതൃപാടവം ‘പി.റ്റി’ച്ചായനും പലകുറി തെളിയിച്ചിട്ടുണ്ട്. രാമപ്പൊ-തിരുവല്ല നഗരബന്ധം സ്ഥാപിച്ചതുൾപ്പെടെ അനുപമമായ ഉദ്യമങ്ങൾക്ക് വഴിവെട്ടിത്തെളിച്ചുകൊണ്ടാണ് അദ്ദേഹം സ്വയം അടയാളപ്പെടുത്തുന്നത്. പ്രായം കൂടുന്നത് വിശ്രമിക്കാനുള്ള അവസരമായി കാണരുതെന്നും, കഴിവുള്ളിടത്തോളം കാലം താല്പര്യമുള്ള കാര്യങ്ങളിൽ ഏർപ്പെടണമെന്നുമുള്ള സന്ദേശമാണ് സ്വജീവിതത്തിലൂടെ ഈ എഴു



പത്തിയൊന്നുകാരൻ പകർന്നുനൽകുന്നത്...

**കേരളത്തിലെ ആദ്യകാലജീവിതം എങ്ങനെ ഓർക്കുന്നു?**

പത്തനംതിട്ട ജില്ലയിലെ കീക്കൊഴൂർ എന്ന കൊച്ചുഗ്രാമത്തിൽ ഏറാട്ടു പൊട്ടക്കുളത്ത് എ.കെ. തോമസിന്റെയും മറിയാമ്മ തോമസിന്റെയും രണ്ടാമത്തെ മകനായാണ് ജനിച്ചത്. അവിടെ തന്നെയായിരുന്നു പ്രാഥമിക വിദ്യാഭ്യാസം.റാന്നി എം.എസ് ഹൈസ്കൂളിലെ പഠനത്തിനുശേഷം കോഴഞ്ചേരി സെന്റ് തോമസ് കോളജിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദം നേടി.

മാർത്തോമാ യുവജനസഖ്യത്തിലും അഖില കേരളാ ബാലജനസഖ്യത്തിലും സജീവമായിരുന്നു. മെച്ചപ്പെട്ട തൊഴിൽ വേണമെങ്കിൽ മറ്റു സംസ്ഥാനങ്ങളിൽ പോകേണ്ട സാഹചര്യമായിരുന്നു അന്ന്.അതുകൊണ്ടു  യൗവ്വനാരംഭത്തിൽ തന്നെ കേരളം വിട്ടു.

**അന്യസംസ്ഥാനത്ത് പോയതോടെയാണോ, പത്തനംതിട്ടയിലെ കൊച്ചുഗ്രാമത്തിൽ ജനിച്ചയാൾ അമേരിക്ക സ്വപ്നം കണ്ടുതുടങ്ങിയത്? വിസ ലഭിക്കാൻ പ്രയാസപ്പെട്ടിരുന്നോ?**

കേരളത്തിന് പുറത്തുള്ള ജീവിതം വീക്ഷണങ്ങൾ മാറ്റിമറിച്ചു എന്നത് സത്യമാണ്. ഇംഗ്ലീഷ് ഭാഷ കൂടുതൽ വഴങ്ങിക്കിട്ടാനും അത് ഉപകരിച്ചു. മീററ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിലും പൊളിറ്റിക്കൽ സയൻസിലും ബിരുദാനന്തബിരുദം നേടിയിരുന്നു. പതിനേഴാം വയസ്സിൽ ഇന്ത്യൻ എയർഫോഴ്സിൽ ചേർന്നു. ഒൻപത് വർഷം അവിടെ ജോലി ചെയ്തു. അക്കാലഘട്ടത്തിലെ ഏത് സാധാരണക്കാരനും കേട്ടിരുന്നത്, അമേരിക്കയിൽ പോയാൽ സാമ്പത്തികമായി രക്ഷപ്പെടും എന്നുള്ളതാണ്. അതിനുള്ള വഴികൾ അറിയാതെ തന്നെ,അത്തരം സ്വപ്നങ്ങൾ മനസ്സിൽ കടന്നുകൂടിയിരിക്കാം.

അറുപതുകളിൽ ഏഷ്യൻ വംശജർക്ക് അമേരിക്കൻ വിസ അനുവദിക്കുമായിരുന്നില്ല. ചുരുക്കം ചിലർ സ്റ്റുഡന്റ് വിസയിൽ വന്നിരുന്നു. 68ൽ മാർട്ടിൻ ലൂഥർ കിങ് ജൂനിയറിന്റെ  നേതൃത്വത്തിൽ നടന്ന സമരത്തിന്റെ ഫലമായാണ് എല്ലാവർക്കും അമേരിക്കയിൽ എത്താവുന്ന സാഹചര്യം ഉണ്ടാകുന്നത്. നഴ്സുമാർക്ക് തേർഡ് പ്രിഫറൻസ് സ്റ്റാറ്റസിൽ അമേരിക്കയിൽ വരാൻ സാധ്യത തെളിഞ്ഞു. എന്റെ ഭാര്യ മേരിക്കുട്ടി (ലീലാമ്മ) നഴ്സ് ആയിരുന്നതുകൊണ്ട് 76 ൽ അമേരിക്കൻ കുടിയേറ്റത്തിന് ഞങ്ങളും ശ്രമം നടത്തി. എയർഫോഴ്സിലെ ജോ









ലി ഉപേക്ഷിക്കുകയും ചെയ്തു. കാർട്ടർ ഭരണകൂടം വന്നതോടെ ഇന്ത്യക്കാർക്ക് വിസ അനുവദിക്കുന്നത് നിർത്തിവച്ചതിനാൽ, അത് നടന്നില്ല. പിന്നീട്, ഡൽഹിയിലൊരു പ്രൈവറ്റ് കോളജ് നടത്തി.അക്കാലഘട്ടത്തിൽ, ഡൽഹിയിൽ മാർത്തോമ്മാ സഭയുടെ ബോംബെ - ഡൽഹി ഭദ്രാസനത്തിന്റെ നോർത്തേൺ സോൺ ട്രഷററായും പ്രവർത്തിക്കാൻ സാധിച്ചു. ഡൽഹിയിൽ ഭദ്രാസന ആസ്ഥാനം സ്ഥാപിക്കുന്നതിന് നിർണായക പങ്കുവഹിക്കാൻ കഴിഞ്ഞതും ഒരു നിയോഗമായി കരുതുന്നു.

റീഗൻ ഭരണകൂടം വിസ റീ-ഓപ്പൺ ചെയ്തതോടെയാണ് 83-ൽ അമേരിക്കയിൽ എത്തുന്നത്.



**അമേരിക്കയിലെ ആദ്യനാളുകൾ ഓർക്കാറുണ്ടോ?**

സമ്പത്സമൃദ്ധമായ അമേരിക്ക പോലൊരു രാജ്യത്തേക്ക് വെറും 8 ഡോളറുമായാണ് എയർപോർട്ടിൽ വന്നിറങ്ങിയത്. ഫെബ്രുവരി മാസത്തിലെ കൊടുംമഞ്ഞാണ് ഞങ്ങളെ വരവേറ്റത്. നേരത്തെ തന്നെ അറിയിച്ചിരുന്നെങ്കിലും എയർപോർട്ടിൽ വന്നിറങ്ങിയപ്പോൾ കൂട്ടിക്കൊണ്ടു പോകാൻ ആരും ഇല്ലായിരുന്നു. അമേരിക്കയിലുള്ള പരിചയക്കാരോട് വിമാനത്താവളത്തിൽ വന്ന് കൂട്ടിക്കൊണ്ടുപോകാമോ എന്ന് ഫോൺ മാർഗം വിളിച്ച് അഭ്യർത്ഥിക്കുമ്പോൾ, മഞ്ഞുമൂലം പുറത്തിറങ്ങാൻ കഴിയില്ലെന്നായിരുന്നു മറുപടി.

ഏറെനേരത്തെ കാത്തിരുപ്പിനുശേഷമാണ് ഒരു പഴയ സുഹൃത്ത് വന്നത്. പിറ്റേ ദിവസം ഭാര്യാസഹോദരൻ വന്ന് അവരുടെ വീട്ടിൽ കൂട്ടി കൊണ്ടുപോയി.

'കവിത ഇന്ത്യൻ ഗ്രോസറീസ്' എന്ന പേരിൽ ഇന്ത്യക്കാരൻ നടത്തുന്ന ഒരു സ്റ്റോറിലായിരുന്നു തുടക്കത്തിൽ ജോലി. അവിടെ ഞങ്ങൾ നാല് മലയാളികൾ ഉണ്ടായിരുന്നു. ആദ്യകാല അമേരിക്കൻ ജീവിതം, സാമ്പത്തിക ഞെരുക്കങ്ങളുടേതായിരുന്നെങ്കിലും സന്തോഷകരമായിരുന്നു.

**അമേരിക്കയിൽ എത്തിയ ശേഷവും പഠനം തുടർന്നിരുന്നല്ലോ?**

അതെ. ഡ്രൂ യൂണിവേഴ്സിറ്റിയിൽ നിന്നും ഡിവിനിറ്റിയിലും ഫോഡാം യൂണിവേഴ്സിറ്റിയിൽ നിന്ന് സോഷ്യൽ വർക്കിലും ബിരുദാനന്തരബിരുദം നേടി. തുടർന്ന്, ഡൊമിനിക്കൻ കോളജിൽ നിന്ന് അക്കൗണ്ടിങ്ങും അമേരിക്കൻ പസഫിക് യൂണിവേഴ്സിറ്റിയിൽ നിന്ന് ന്യൂറോ ലിംഗ്വിസ്റ്റിക് പ്രോഗ്രാമും പഠിച്ചു. പുതിയ കാര്യങ്ങൾ അറിയാനും പഠിക്കാനും പ്രാവർത്തികമാക്കാനും എന്നും താല്പര്യമാണ്.

**ചെയ്ത തൊഴിലുകളും വ്യത്യസ്തമാണല്ലോ?**

വ്യത്യസ്തത എനിക്ക് ഇഷ്ടമാണ്. ന്യൂയോർക്ക് സ്റ്റേറ്റിൽ തെറാപ്പി അസിസ്റ്റന്റായി ജോലി ചെയ്ത ശേഷമാണ് റോക്ക്‌ലാൻഡ് കൗണ്ടിയിൽ ഡിപ്പാർ





ട്മെന്റ് ഓഫ് സോഷ്യൽ സർവിസിൽ ചൈൽഡ് പ്രൊട്ടക്ടീവ് സർവീസസിൽ ചേർന്നത്. അവിടെ 31 വർഷം പ്രവർത്തിച്ചു. കുട്ടികൾക്ക് നേരെ ഉണ്ടാകുന്ന അതിക്രമങ്ങൾ അന്വേഷിക്കുകയായിരുന്നു പ്രധാനമായും ചെയ്യേണ്ടിയിരുന്നത്.അതേസമയം അക്കൗണ്ടിങ്ങ് ആൻഡ് ടാക്സ് ഫേം ആരംഭിച്ചു. കൗണ്ടിയിൽ നിന്ന് റിട്ടയർ ചെയ്തശേഷവും അതിൽ സജീവമാണ്. ഐആർഎസ് ഇലക്ട്രോണിക് ഫയലിംഗ് ആരംഭിച്ച കാലത്ത് എക്സലൻസ് ഇൻ ഇലക്ട്രോണിക് ഫയലിംഗ് അവാർഡ് ലഭിച്ചിട്ടുണ്ട്. ഐ ആർ എസ് നേഷൻ വൈഡ് ടാക്സ് ഫോറത്തിൽ ഗസ്റ്റ് സ്പീക്കറായും പ്രവർത്തിച്ചിട്ടുണ്ട്.

**ഏത് ജോലിയാണ് കൂടുതൽ ആസ്വാദ്യകരമായി തോന്നിയിട്ടുള്ളത്?**

ചെയ്യുന്ന എല്ലാ ജോലിയും ആസ്വദിക്കാറുണ്ട്. കൗണ്ടിയിലെ ജോലി എനിക്ക് വളരെ പ്രിയപ്പെട്ടതായിരുന്നു. മറക്കാനാവാത്ത ഒരു അനുഭവം പറയാം. ഒരു വിവാഹസൽക്കാരത്തിൽ കുടുംബസമേതം പങ്കെടുക്കുമ്പോൾ, ചീഫ് സെക്യൂരിറ്റി ഗാർഡ് വന്ന് 'ഹലോ പി.റ്റി.' എന്ന് ഗ്രീറ്റ് ചെയ്തു. എന്റെ മക്കളോട് "Your father made a change in my life' എന്നും പറഞ്ഞു. ഞാൻ കൊടുത്ത കൗൺസലിംഗിന്റെ ഫലമായാണ് മദ്യത്തിന്റെയും ലഹരിയുടെയും ലോകത്തുനിന്ന് കരകയറിയതെന്നും തനിക്കൊരു ഉദ്യോഗം ലഭിച്ചതെന്നും അവൾ ഏറ്റുപറഞ്ഞു. കുടുംബവുമൊത്ത് സന്തോഷമായി കഴിയാൻ ഞാനാണ് കാരണക്കാരൻ എന്ന് ഇതുപോലെ നിരവധി പേരിൽ നിന്ന് കേൾക്കാൻ സാധിച്ചത് ജീവിതത്തിലെ ഒരു പുണ്യമായി കരുതുന്നു.

ഒരു അമ്മയും മകളും തമ്മിലുണ്ടായ വഴക്കുമായി ബന്ധപ്പെട്ട് നടത്തിയ അന്വേഷണമാണ് ഓർമ്മയിൽ തങ്ങിനിൽക്കുന്ന മറ്റൊരനുഭവം.അവരുടെ വീട്ടിൽ ചെന്ന് മകളെ കാണണം എന്ന് ആവശ്യപ്പെട്ടപ്പോൾ, ഉറങ്ങുകയാണെന്നായിരുന്നു അമ്മയുടെ മറുപടി.

കുട്ടിയെ ഉണർത്താൻ പറഞ്ഞെങ്കിലും അമ്മ ആദ്യം വിസമ്മതിച്ചു. പല പ്രാവശ്യം നിർബന്ധിച്ചപ്പോഴാണ് അവർ മുറിയിലേക്ക് ചെന്നത്. നോക്കിയപ്പോൾ മകൾ മയങ്ങി കിടക്കുന്നു. സമീപം റൈനലോന്റെ കാലിക്കുപ്പിയും. ഉടനെ ആംബുലൻസ് വിളിച്ച് ആശുപത്രിയിൽ എത്തിച്ചതുകൊണ്ട് മാത്രമാണ് ആ കുട്ടിയുടെ ജീവൻ രക്ഷിക്കാനായത്. ടാക്സ് പ്രാക്ടീഷണർ എന്ന നിലയ്ക്കും ചാരിതാർഥ്യമുണ്ട്. മാസാമാസം വാടകയായി കൊടുക്കുന്ന പണം മാർഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി വിനിയോഗിച്ചാൽ വീട് തന്നെ സ്വന്തമാക്കാനാകുമെന്ന് പലർക്കും അറിയില്ലായിരുന്നു. എന്റെ ഉപദേശം കൊണ്ട് നൂറിൽപരം ആളുകൾക്ക് അമേരിക്കയിൽ സ്വന്തമായൊരു വീടെന്ന സ്വപ്നം സാക്ഷാത്കരിക്കാൻ സാധിച്ചു എന്നതോർക്കുമ്പോൾ സംതൃപ്തിയുണ്ട്.

**താങ്കൾ വന്ന കാലഘട്ടത്തെ അപേക്ഷിച്ച് അമേരിക്കയിൽ ഇപ്പോൾ പ്രധാനമായും തോന്നുന്ന മാറ്റങ്ങൾ?**

ഞങ്ങൾ വരുന്ന സമയത്ത് റോഡിലൊന്നും അധികം വാഹനങ്ങൾ ഉണ്ടായിരുന്നില്ല. ഒന്നോ രണ്ടോ കാറുകൾക്ക് പോകാൻ എന്തിനാണ് ഇത്ര വലിയ റോഡുകൾ എന്നുപോലും ചിന്തിച്ചിട്ടുണ്ട്. അമേരിക്കക്കാരുടെ ദീർഘവീക്ഷണം ഇപ്പോഴാണ് മനസ്സിലാകുന്നത്. വാഹനങ്ങളുടെ ഇന്നത്തെ ബാഹുല്യം താങ്ങാൻ അന്നുപണികഴിപ്പിച്ച റോഡുകൾ പര്യാപ്തമാണ്. നമ്മുടേതായ പള്ളികളോ അമ്പലങ്ങളോ മുൻപ് ഇവിടെ ഉണ്ടായിരുന്നില്ല.നാല് മണിക്കൂർ മാത്രം അമേരിക്കൻ ചർച്ചിന്റെ ഹാൾ

ഞങ്ങൾക്ക് പ്രാർത്ഥനയ്ക്കായി
അന്നൊക്കെ വിട്ടുതന്നിരുന്നു.
ഇപ്പോൾ ഇന്ത്യക്കാർക്കും സ്വന്ത
മായി ദേവാലയങ്ങളുണ്ട്. ആളുക
ളുടെ മനോഭാവവും ഒരു
പാട് മാറി. കുടിയേറ്റക്കാരോ
ട് അമേരിക്കക്കാർക്ക് ഇപ്പോൾ
ആശയവിനിമയം എളുപ്പത്തിൽ
സാധ്യമാകുന്നുണ്ട്. പണ്ട് അത്
പ്രയാസകരമായിരുന്നു. ഇന്ത്യൻ
-അമേരിക്കക്കാർ ഇവിടുത്തെ
ധനികരായ വിഭാഗമായി മാറിക്കഴി
ഞ്ഞു. ബൈഡൻ ഭരണകൂടത്തിൽ
തന്നെ ഒരുപാട് ഇന്ത്യക്കാരുണ്ട്.
മുഖ്യധാരാ രാഷ്ട്രീയത്തിലെ ഈ
കുതിപ്പ് വലിയ മാറ്റം തന്നെയാ
ണ്. അമേരിക്കയിലെ ടോപ്-മോ
സ്റ്റ് കമ്പനികളുടെ സിഇഒ-മാർ
എല്ലാം തന്നെ ഇന്ത്യൻ വംശജ
രാണെന്നതും നമുക്ക് അഭിമാനി
ക്കാൻ വകനൽകുന്നു.

**അമേരിക്കയിലെ സംഘടനകളു
മായുള്ള ബന്ധം?**

ഞങ്ങൾ അമേരിക്കയിൽ
എത്തുന്നതിന് മുൻപ് തന്നെ
ഹഡ്സൺ വാലി മലയാളി
അസോസിയേഷൻ എന്ന സം
ഘടന രൂപീകൃതമായിരുന്നു. 86ൽ
അതിന്റെ പ്രസിഡണ്ടാകാൻ സാ
ധിച്ചു. ഇന്ത്യ ഡേ പരേഡ് നടത്തു
ന്നതായിരുന്നു ന്യൂയോർക്ക്
സിറ്റിയിലെ ഫെഡറേഷൻ ഓഫ്
ഇന്ത്യൻ അസ്സോസിയേഷൻസി
ന്റെ (എഫ് ഐ എ) പ്രവർത്ത
നങ്ങളിൽ ശ്രദ്ധേയം. അതിന്റെ
ട്രഷററും ജോയിന്റ് സെക്രട്ടറി
യും ഫിനാൻസ് കമ്മിറ്റിയുടെ
യും സുവനീർ കമ്മിറ്റിയുടെയും
ചെയർമാനും ആകാൻ കഴിഞ്ഞു.
റോക്‌ലാൻഡ് കൗണ്ടിയിൽ എല്ലാ
ഏഷ്യൻ വംശജരെയും ഉൾപ്പെ
ടുത്തി ആരംഭിച്ച ഏഷ്യൻ അമേ
രിക്കൻസ് ഓഫ് റോക്‌ലാൻഡ്
(AMOR) എന്ന സംഘടനയുടെ
സെക്രട്ടറിയായും പ്രവർത്തിച്ചു.
ഞാൻ മുൻകൈ എടുത്ത് ആരം







ഭിച്ച അലൈൻസ് ഓഫ് സൗത്ത്
ഏഷ്യൻ ലേബർ (ASAAL)
എന്ന സംഘടനയുടെ എക്സി
ക്യൂട്ടീവ് വൈസ് പ്രസിഡന്റായും
സേവനം അനുഷ്ഠിച്ചു.

മലയാളികളുടെ അംബ്രല്ല
സംഘടനയായ ഫൊക്കാനയുടെ
നാഷണൽ കമ്മിറ്റിയിലും ഭാഗ
മായി. ഷിക്കാഗോ കൺവൻഷൻ
സുവനീർ എഡിറ്ററായിരുന്നു.
സംഘടന പിളർന്ന ശേഷം ഏറെ
ക്കാലം അതിൽനിന്നൊക്കെ വിട്ടു
നിന്നു. കഴിഞ്ഞ നാലുവർഷങ്ങ
ളായി ഫോമായുടെ ഓഡിറ്ററായി
പ്രവർത്തിക്കുന്നുണ്ട്.

**സംതൃപ്തി തോന്നിയ അനുഭവ
ങ്ങൾ?**

ന്യൂയോർക്കിലെ ഏറ്റവും
വലിയ തൊഴിലാളി സംഘടന
യായ സിവിൽ സർവീസ് എം
പ്ലോയീസ് അസോസിയേഷന്റെ
(സിഎസ്ഇഎ) റോക്‌ലാൻഡ്
കൗണ്ടി ട്രഷററായും പ്രസിഡന്റാ
യും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.
മലയാളികളിൽ അധികമാരും
എത്താത്തൊരു സ്ഥാനമായിരു
ന്നു അത്. കൗണ്ടിയിലെ തൊഴി
ലാളികൾക്ക് വേണ്ടി ഒരു
പാട് കാര്യങ്ങൾ അക്കാലയള
വിൽ ചെയ്യാൻ സാധിച്ചു. ഗവ
ണ്മെന്റും തൊഴിലാളികളും
തമ്മിലുള്ള കോൺട്രാക്ട് മൂന്നും
നാലും വർഷങ്ങൾ കൂടുമ്പോൾ
പുതുക്കേണ്ടതുണ്ട്. ഞാൻ നെ
ഗോഷിയേറ്റ് ചെയ്ത കോൺട്രാ
ക്ടുകൾ എംപ്ലോയീസിന് ഏറ്റവും
അധികം പ്രയോജനം ലഭിച്ചവ
ആയിരുന്നു. സമ്മിറ്റ്
പാർക്ക് ഹോസ്പിറ്റൽ ക്ലോ
സ് ചെയ്യാൻ എക്സിക്യൂട്ടീവ്
നടത്തിയ സമ്മർദ്ദം തടുത്തുനിർ
ത്താൻ കഴിഞ്ഞതും ആ സ്ഥാന
ത്തിരുന്ന് ചെയ്തതിലെ സംതൃ
പ്തി നൽകിയ ഒരു കാര്യമാ
ണ്.വളരെ ശക്തമായി അതി
നെതിരെ റാലി നടത്തിയും,

പ്രസംഗിച്ചും,ലേഖനങ്ങളെഴുതിയും,ലെജിസ്ളേറ്ററുകളോട് ചർച്ച നടത്തിയും തൊഴിലാളികൾക്കൊപ്പം ഞാൻ നിലകൊണ്ടു. ആ പൊസിഷനിൽ മറ്റൊരാൾ എത്തിയപ്പോൾ മാത്രമാണ് അവർക്കത് അടപ്പിക്കാൻ സാധിച്ചത്.

ഞങ്ങൾ താമസിക്കുന്ന സ്ഥലത്തിന്റെ പേര് രാമപ്പൊ എന്നാണ്. 25 വർഷത്തോളം രാമപ്പൊ ടൗണിലെ സോണിങ് ബോർഡ് ഓഫ് അപ്പീൽസ് മെമ്പറായിരുന്നു.

ടൗൺ ഓഫ് രാമപ്പൊ ഇന്ത്യ ഹെറിട്ടേജ് അസോസിയേഷൻ പ്രസിഡന്റായും ദീർഘകാലം പ്രവർത്തിച്ചു. ആ സമയത്താണ് രാമപ്പൊ- തിരുവല്ല സഹോദരി നഗരബന്ധം സ്ഥാപിച്ചത്. 1999 ൽ ഇവിടെനിന്ന് ഒരു സംഘം ആളുകൾ തിരുവല്ലയിൽ ചെന്ന് സഹോദരബന്ധം സ്ഥാപിക്കുകയും അവിടെനിന്ന് ആളുകൾ ഇവിടേക്ക് വന്നതുമെല്ലാം പത്രത്തിൽ വലിയ വാർത്തയായിരുന്നു. രണ്ടു നഗരങ്ങളും തമ്മിൽ സ്റ്റുഡന്റ് എക്സ്ചേഞ്ചും സിവിക് എക്സ്ചേഞ്ചും നടത്തി.ഇന്ത്യ ഡേ ആഘോഷത്തിന്റെ ഭാഗമായി മിസ്സ് ഇന്ത്യ റോക്‌ലാൻഡ്, മിസ്സ് ഇന്ത്യ ന്യൂയോർക്ക്, ന്യൂജേഴ്സി എന്നീ ബ്യൂട്ടി പാജെന്റുകൾക്കും നേതൃത്വം നൽകി. സെന്റ് തോമസ് മാർത്തോമാ ഇടവകയുടെ അക്കൗണ്ട് ട്രസ്റ്റി, വൈസ് പ്രസിഡന്റ്, സെക്രട്ടറി, യുവജന സഖ്യം വൈസ് പ്രസിഡന്റ്, സെക്രട്ടറി, ഡയോസിഷൻ അസംബ്ലി അംഗം, സഭ മണ്ഡല അംഗം, ഇടവക മിഷൻ വൈസ് പ്രസിഡന്റ്, സൺഡേ സ്കൂൾ അധ്യാപകൻ എന്നീ സ്ഥാനങ്ങളിലും പ്രവർത്തിക്കാൻ സാധിച്ചു. ഇടവകയുടെ ഇപ്പോഴത്തെ സെക്രട്ടറി ആയും സേവനം അനുഷ്ഠിക്കുന്നു.



**ന്യൂയോർക്ക് സ്റ്റേറ്റ് അസംബ്ലിയിൽ മത്സരിച്ചിരുന്നല്ലോ?**





ജനസേവനത്തിലുള്ള ആഗ്രഹമാണ് അതിന് പ്രേരിപ്പിച്ചത്. 2014 ൽ കൗണ്ടിയിലെ ജോലി ഉപേക്ഷിച്ചതുപോലും അതിനുവേണ്ടിയാണ്. എന്നാൽ, ഭാര്യ അർബുദ ബാധിത ആയതോടെ ക്യാമ്പെയ്നിങ്ങിൽ ശ്രദ്ധ കേന്ദ്രീകരിക്കാനായില്ല. ഓഫീസ് മാനേജ് ചെയ്തിരുന്ന അനിയനും സുഖമില്ലാതെയായി. ആ ഇലക്ഷനിൽ വിജയിച്ചില്ലെങ്കിലും അതും വേറിട്ടൊരു അനുഭവമായി കാണുന്നു.

നമ്മുടെ ആളുകൾ മാത്രം വന്ന് വോട്ട് ചെയ്തിരുന്നെങ്കിൽ നിഷ്പ്രയാസം എനിക്ക് ജയിക്കാമായിരുന്നു. കേരളത്തിൽ നടക്കുന്ന ഇലക്ഷന്റെ കാര്യത്തിലുള്ള ശുഷ്കാന്തി, അമേരിക്കൻ മലയാളികൾ എന്തുകൊണ്ടോ ഈ രാജ്യത്തെ തിരഞ്ഞെടുപ്പിൽ കാണിക്കുന്നില്ല. അതൊരു വലിയ പോരായ്മയാണ്. നമ്മളിൽ പെട്ടവർ മുഖ്യധാരാ രാഷ്ട്രീയത്തിൽ ഉണ്ടെങ്കിലേ, ഇവിടെ ജീവിക്കുന്നവർക്ക് പ്രയോജനമുണ്ടാകൂ എന്ന് തിരിച്ചറിയണം.

നമ്മുടെ ആവശ്യങ്ങൾ മുന്നോട്ടുവയ്ക്കാനും അഭിപ്രായങ്ങൾ മാനിക്കാനും താല്പര്യങ്ങൾ അംഗീകരിക്കപ്പെടാനും നമ്മളിൽപെട്ട പ്രതിനിധികൾ മുന്നോട്ടുവന്നാലേ സാധിക്കൂ. രാഷ്ട്രീയം ജീവിതത്തിന്റെ വലിയൊരുഭാഗമാണ്. അതിൽ നിന്ന് എക്കാലവും ഒഴിഞ്ഞുനിൽക്കുക സാധ്യമല്ല. 'No taxation, without representation' എന്ന് ബോസ്റ്റൺ ടീപാർട്ടിയിൽ പറഞ്ഞത് ഓർക്കുന്നില്ലേ?

**കോവിഡ് കാലം ഓർക്കുമ്പോൾ?**

പ്രയാസം നിറഞ്ഞ കാലം തന്നെയായിരുന്നു അത്. 2020 മാർച്ച് 20 ന് ന്യൂയോർക്ക് സ്റ്റേറ്റ് അടച്ചുപൂട്ടി. ടാക്സ് ഓഫീസ് അടച്ചിട്ട് പ്രോട്ടോൺ തെറാപ്പി എന്ന ട്രീറ്റ്മെന്റിന് ഭാര്യയെ കൊണ്ടുപോയി. ഏപ്രിൽ 5 ന് രോഗം മൂർച്ഛിക്കുകയും 8 ന് ലീലാമ്മ എന്നെ വിട്ടുപോവുകയും ചെയ്തു. ഇത്ര



നേരത്തെ പോകേണ്ട ആളല്ലായിരുന്നു ലീലാമ്മ. അർഹിക്കുന്നൊരു ഫ്യൂണറൽ നടത്താൻ പോലും സാധിച്ചില്ല.ആ വേദനയിൽ നിൽക്കെത്തന്നെ ഒക്ടോബർ 24 ന് അനിയനെയും നഷ്ടപ്പെട്ടു. ദൈവവിശ്വാസിയായ എന്നെസംബന്ധിച്ച് പള്ളികൾ അടച്ചു പൂട്ടിയതും വലിയ ബുദ്ധിമുട്ടായിരുന്നു.

**കോവിഡ് കാലത്ത് താങ്കൾ നടത്തിയ ക്ലാസുകൾ പലർക്കും വലിയ ആശ്വാസമായിരുന്നു. സ്വയം പ്രതിസന്ധികളിൽ നിൽക്കെ അതിജീവനത്തിന്റെ സന്ദേശം പകരാൻ മനസ്സിനെ എങ്ങനെ ഒരുക്കിയെടുത്തു?**

ജീവിതത്തിലെ പ്രയാസങ്ങളെയും വിഷമങ്ങളെയും കരുത്താക്കിമാറ്റാനാണ് ഞാൻ ശ്രമിച്ചത്. സോഷ്യൽ വർക്കുമായി ബന്ധപ്പെട്ട് കൂടുതലായി പഠിച്ചതിന്റെയും പഠിപ്പിച്ചതിന്റെയുമൊക്കെ ഫലമായിട്ടാകാം, മനസ്സ് അപ്രകാരം പാകപ്പെട്ടത്. വിഷമങ്ങൾ ജീവിതത്തിൽ എപ്പോഴും ഉണ്ടായിക്കൊണ്ടേയിരിക്കും. അതിൽ താഴ്ന്നുപോയാൽ പിന്നീട് പൊങ്ങി വരാൻ പ്രയാസമാണെന്ന് എനിക്ക് നന്നായറിയാം. "Reoslve the unreoslved' എന്ന പേരിൽ കോവിഡ് കാലത്ത് സെമിനാർ നടത്തിയത് നിരവധി പേർക്ക് ആശ്വാസമായി തീർന്നെന്ന് ആളുകൾ നേരിൽ പറഞ്ഞിട്ടുണ്ട്. പരിഹരിക്കാനാകാതെ ഓരോ വ്യക്തിയുടെയും ഉള്ളിൽ അടിഞ്ഞുകൂടി കിടക്കുന്ന പ്രശ്നങ്ങൾ പരിഹാരിക്കാനുള്ള ശ്രമമാണ് സെമിനാറിലൂടെ നടത്താൻ ശ്രമിച്ചത്. അതിലൂടെ ഒരുപാട് പേരുടെ ദുഃഖങ്ങൾ അറിഞ്ഞു. പരിഹാരം നിർദ്ദേശിക്കാൻ സാധിച്ചത് എനിക്കും ഒരു ഊർജ്ജമായി.

താങ്കൾ ദൈവവിശ്വാസിയും സഭയുമായി ചേർന്നുനിൽക്കുന്ന വ്യക്തിയുമാണല്ലോ. എങ്കിൽപ്പോലും, പ്രിയപ്പെട്ടവരുടെ വേർപാടുൾപ്പെടെ കടുത്ത വേദനകൾ ഉണ്ടായ അവസരത്തിൽ ദൈവത്തോട് ദേഷ്യം തോന്നിയിട്ടുണ്ടോ?

പ്രിയപ്പെട്ട ഭാര്യയും അനുജൻ മാത്തുക്കുട്ടിയും നഷ്ടപ്പെട്ടപ്പോഴും, എത്തേണ്ട പല സ്ഥാനങ്ങളിലും എത്താഞ്ഞപ്പോഴും ജീവിതത്തിൽ വളരെ വിഷമം തോന്നിയിട്ടുണ്ട്. അതിനൊന്നും ഞാൻ ദൈവത്തെ ഒരിക്കലും കുറ്റം പറഞ്ഞിട്ടില്ല. ദൈവത്തോട് ദേഷ്യപ്പെടാൻ നമ്മൾ ആരാണ്? ദൈവഹിതം അനുസരിച്ച് നമ്മുടെ ജീവിതം നയിക്കണം എന്ന് മാതാപിതാക്കൾ ചെറുപ്പകാലം മുതലേ ഉപദേശിച്ചിട്ടുണ്ട്. ശിഷ്ടകാല ജീവിതവും അപ്രകാരം തന്നെ നയിക്കാനാണ് ആഗ്രഹം.എന്റെ വളർച്ചയ്ക്കും പുരോഗതിക്കും വളരെ ആളുകൾ വിലങ്ങു നിന്നിട്ടുണ്ട്. അവരോടും ആ സമയം വിഷമം തോന്നുമെങ്കിലും ആ വിഷമവും ദേഷ്യവും സ്ഥായിയായി നിലനിർത്താൻ അനുവദിക്കില്ല. അതിൽ നിന്നുയർന്നുവന്നില്ലെങ്കിൽ തകർന്നുപോകുമെന്ന് ഉപബോധമനസ്സിനറിയാം. ആരോടും വിരോധം സൂക്ഷിക്കുന്ന പ്രകൃതമില്ല. അഭിപ്രായവ്യത്യാസങ്ങൾ തോന്നിയാൽ അത് അപ്പോൾ തന്നെ പറയും എന്നതിൽ കവിഞ്ഞ് ഒരാളോടും അതിന്റെ പേരിൽ പകയോ ദേഷ്യമോ മനസ്സിൽ വയ്ക്കാറില്ല. അങ്ങനെ വിദ്വേഷം സൂക്ഷിക്കുന്നവരുടെ മനസ്സിനേ ഭാരം അനുഭവപ്പെടൂ.

**ഒഡീഷയിൽ 'മേരിക്കുട്ടി തോമസ് ചിൽഡ്രൻസ് ഹോം' തുടങ്ങാൻ പ്രത്യേകിച്ചൊരു കാരണമുണ്ടോ?**

ലീലാമ്മ ജീവിച്ചിരുന്ന സമയത്ത്, രോഗം ഭേദമായാൽ ഒഡീഷ സന്ദർശിച്ച് അവിടെ ചില ചാരിറ്റി പ്രവർത്തനങ്ങൾ നടത്തണമെന്ന് ഒരു ആഗ്രഹം പറഞ്ഞിരുന്നു. ഇന്ത്യയിലെ തന്നെ ഏറ്റവും ദരിദ്രസംസ്ഥാനങ്ങളിൽ ഒന്നാണല്ലോ ഒഡീഷ. ഭാര്യ

മരണപ്പെട്ട് ആറാഴ്ച ആയപ്പോൾ എനിക്കൊരു ഫോൺ കോൾ വന്നു. ജഗനാഥ് ജാനി എന്നൊരാൾ സഹായം ആവശ്യപ്പെട്ട് ഒഡീഷയിൽ നിന്ന് വിളിച്ചത് അമ്പരപ്പായിരുന്നു. വെള്ളപ്പൊക്കത്തിൽ വീട് ഒലിച്ചുപോയവർക്കും പട്ടിണിപ്പാവങ്ങൾക്കും അനാഥക്കുഞ്ഞുങ്ങൾക്കും വേണ്ടിയാണ് സഹായം അഭ്യർത്ഥിച്ചത്. ആദ്യം കരുതിയത്, ആരോ പറ്റിക്കാൻ ചെയ്തതായിരിക്കും എന്നാണ്. അന്വേഷിച്ചപ്പോൾ, ജെനുവിനാണെന്ന് ബോധ്യപ്പെട്ടു. യാദൃച്ഛികതയ്ക്കപ്പുറം ഒരു നിയോഗമായാണ് അതിനെ കണക്കാക്കിയത്. ലീലാമ്മയുടെ ആഗ്രഹം നടപ്പാക്കണമെന്ന് മനസ്സ് മന്ത്രിച്ചു. അങ്ങനെയാണ്, ഒഡീഷയിൽ 'മേരിക്കുട്ടി തോമസ് ചിൽഡ്രൻസ് ഹോം' തുടങ്ങാൻ തീരുമാനമെടുത്തത്. നമ്മൾ നൽകുന്ന പണം ശരിയായ കരങ്ങളിൽ എത്തുന്നുണ്ടോ എന്ന് നേരിൽപ്പോയി കാണണമെന്നുണ്ട്. പിന്നോക്ക അവസ്ഥയിലുള്ളവരുടെ ജീവിതത്തിൽ നമ്മൾ മൂലം അല്പമെങ്കിലും പ്രകാശം കടന്നുവരുന്നത് നേരിൽ കണ്ടറിയുന്നതും ഒരു സംതൃപ്തിയാണല്ലോ.



**മക്കൾ എന്ത് ചെയ്യുന്നു?**

നാലുമക്കളും ഒൻപത് കൊച്ചുമക്കളുമുണ്ട്. മൂത്ത മകൾ ലിസ്റ്റി തോമസ്, കണക്റ്റികട്ടിലെ സെന്റ് വിൻസെന്റ് ഹോസ്പിറ്റലിൽ ഇന്റേണൽ മഡിസിൻ ചെയറാണ്. ക്യൂണിപ്പിയാക് യൂണിവേഴ്സിറ്റിയിൽ അസിസ്റ്റന്റ് ഡീനായും സേവനം അനുഷ്ഠിക്കുന്നു. ഭർത്താവ് ഷിനു സൈമൺ കമ്പ്യൂട്ടർ പ്രോഗ്രാമർ; അവർക്ക് മൂന്ന് മക്കൾ. രണ്ടാമത്തെ മകൻ ലിറ്റൻ തോമസ് ഐടി പ്രൊഫഷണലും, ഭാര്യ ബെറ്റ്സി ഫിസിക്കൽ തെറാപ്പിസ്റ്റുമാണ്. അവർക്കും മൂന്ന് മക്കളുണ്ട്. മൂന്നാമത്തെ മകൾ ലിൻസി അറ്റോർണിയും ഭർത്താവ് സോണി ജേക്കബ് കമ്പ്യൂട്ടർ പ്രോഗ്രാമറുമാണ്. അവർക്ക് ഒരുകുട്ടി. ഇളയമകൻ ലവൻ എഞ്ചിനീയറും ഭാര്യ ടീന ഡോക്ടറുമാണ്. അവർക്ക് രണ്ടുമക്കളുണ്ട്.

**കേരളവുമായി ഇപ്പോഴുള്ള ബന്ധം?**

മൂന്ന് സഹോദരങ്ങൾ കേരളത്തിൽ താമസിക്കുന്നുണ്ട്. 2017 ലാണ് അവസാനമായി കേരളത്തിൽ വന്നത്. ലീലാമ്മയുടെ അസുഖവും മരണവും കോവിഡും എല്ലാംകൊണ്ടും പിന്നെ കേരളത്തിൽ പോയിട്ടില്ല.സാഹചര്യം ഒത്തുവന്നാൽ, ഈ ഡിസംബറിൽ നാട്ടിൽ പോകണമെന്നുണ്ട്.

**വിശ്രമജീവിതത്തെക്കുറിച്ച് എന്തെങ്കിലും പദ്ധതിയുണ്ടോ?**

റിട്ടയർ ചെയ്തിട്ടും ഇപ്പോഴും ടാക്സ് പ്രാക്റ്റീഷനറായി ജോലി ചെയ്യുന്നത് എന്തിനാണെന്ന് പലരും ചോദിക്കാറുണ്ട്. സത്യത്തിൽ, അതാണ് എന്റെ വിശ്രമം. വെറുതേ ഇരിക്കുന്നത് എന്നെ സംബന്ധിച്ച് ചിന്തിക്കാനേ ആവില്ല. മനസ്സും ശരീരവും എപ്പോഴും ആക്റ്റീവ് ആയിരിക്കണം."You use it or lose it' എന്നാണല്ലോ. ഏത് കഴിവും നമ്മൾ ഉപയോഗിക്കാതെ വച്ചാൽ അത് നഷ്ടമാകും. ഉപയോഗിക്കാത്ത ഉപകരണങ്ങൾ തുരുമ്പെടുക്കുന്നതുപോലെ. ന്യൂയോർക്ക് സെന്റ് തോമസ് മാർത്തോമ ഇടവകയുടെ സീനിയർ സിറ്റിസൺ ഫെലലോഷിപ്പിലും ഇടവക മിഷനിലും ക്ലാസുകൾ എടുക്കുന്നുണ്ട്. ക്ലാസ്സിനിടയിലും ഇക്കാര്യം ഊന്നിപ്പറയാറുണ്ട്. ഒന്നും ചെയ്യാനില്ലെങ്കിൽ വെറുതെ രണ്ടുപേജിൽ എന്തെങ്കിലും കുത്തിക്കുറിക്കണമെന്നാണ് ഉപദേശിക്കാറ്. കയ്യക്ഷരം മെച്ചപ്പെടാനെങ്കിലും അത് ഉപകരിക്കുമല്ലോ. ലേഖനങ്ങൾ എഴുതാറുണ്ട്. 'വെറുതെ വേദനിപ്പിക്കരുതേ' എന്ന പേരിൽ കോവിഡ് കാലത്ത് ഇ-മലയാളിയിൽ പ്രസിദ്ധീകൃതമായ ലേഖനം 1800 ല്പരം ആളുകൾ ഷെയർ ചെയ്തിരുന്നു. ജീവിതത്തിൽ കടന്നുപോകുന്ന ഒരു ദിവസവും തിരിച്ചുകിട്ടില്ല. അതുകൊണ്ടുതന്നെ, അവ ഓരോന്നും പരമാവധി പ്രയോജനപ്പെടുത്തണം. നമുക്കും നമ്മുടെ ചുറ്റുമുള്ളവർക്കും അതിന്റെ ഗുണം ഉണ്ടാകണം. പ്രയാസങ്ങളെയും പ്രതിസന്ധികളെയും പുഞ്ചിരിയോടെ നേരിട്ടുകൊണ്ട്, അവയെ അവസരങ്ങളാക്കി തീർക്കുന്ന ഇന്ദ്രജാലമാണ് പി റ്റി തോമസ് തന്റെ ജീവിതത്തിലൂടെ നമുക്ക് പകർന്നു തരുന്നത്. അതുകൊണ്ടു തന്നെ വിഷമഘട്ടങ്ങളിൽ പതറിപ്പോകുന്നവർക്ക് കുതിച്ചുയരാനുള്ള പ്രചോദനത്തിന്റെ പാഠങ്ങൾ അദ്ദേഹത്തിൽ നിന്ന് പകർത്താം. സ്വജീവിതമാണ് ഏറ്റവും നല്ല സന്ദേശമെന്ന് പറയാതെ പറയുന്ന അമേരിക്കൻ മലയാളികളുടെ 'പി.റ്റി.ച്ചായന്റെ' തുടർന്നുള്ള പ്രയാണത്തിന്, ഇ-മലയാളി എല്ലാവിധ ഭാവുകങ്ങളും നേരുന്നു.